**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101** **03-02-2026 - ൽ മറുപടിയ്ക്ക്**

**ആയുർവേദ അന്താരാഷ്ട്ര വെൽനസ് കോൺക്ലേവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ട്രാവൽ പ്ലസ് ലെയ്ഷർ ഇന്ത്യ & സൗത്ത് ഏഷ്യയുടെ 2025-ലെ ബെസ്റ്റ് വെൽനസ് ഡെസ്റ്റിനേഷൻ പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ നേട്ടം കൈവരിക്കാൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | Travel + Leisure India & South Asia യുടെ 2025 - ലെ Best Wellness Destination പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ട് . ഈ അംഗീകാരം ആഗോളതലത്തിൽ കേരളത്തിന്റെ വെൽനസ് ടൂറിസം മികവ് തെളിയിക്കുന്നതാണ് .<br><br>കേരളത്തിലെ ശാസ്ത്രീയവും യഥാർത്ഥവുമായ ആയുർവേദ ചികിത്സാരീതികളും സമഗ്ര വെൽനെസ് അനുഭവങ്ങളും വിവിധ ചികിത്സാ രീതികളെ സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനങ്ങളും കേരളത്തിലെ ബാക്ക് വാട്ടറുകൾ, കുന്നുകൾ, ശാന്തമായ കടൽത്തീരങ്ങൾ എന്നീ പ്രകൃതി സൗന്ദര്യങ്ങളും കേരളത്തിന് ഈ പുരസ്കാരം നേടാൻ സഹായിച്ച പ്രധാന ഘടകങ്ങളാണ് .<br><br>വായനക്കാരുടെ ഓൺലൈൻ വോട്ടിങ്ങിലൂടെ ലഭിച്ച റീഡേഴ്സ് ചോയ്സ് അംഗീകാരം, ആഗോള യാത്രാസമൂഹത്തിന് കേരളത്തിലുള്ള വിശ്വാസവും ആകർഷണവും തെളിയിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെയും ടൂറിസം വകുപ്പിന്റെയും തുടർച്ചയായ പ്രചാരണ പ്രവർത്തനങ്ങളും ദേശീയ അന്തർദ്ദേശീയ മാർക്കറ്റിംഗ് തന്ത്രങ്ങളും കേരളത്തെ ലോകത്തിലെ പ്രമുഖ വെൽനെസ് ടൂറിസം കേന്ദ്രമായി ഉയർത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട് . |
| (ബി) | ആദ്യ അന്താരാഷ്ട്ര ആയുർവേദ വെൽനസ് കോൺക്ലേവ് കേരളത്തിൽ വച്ച് നടത്തുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത കോൺക്ലേവിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | കേരള ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ 2026 ഫെബ്രുവരി 2,3 തീയതികളിൽ കോഴിക്കോട് വച്ചാണ് ഫസ്റ്റ് ഇന്റർനാഷണൽ ആയുർവേദ & വെൽനെസ് കോൺക്ലേവ് 2026 നടത്തുന്നത്. ആയുർവ്വേദ പ്രൊമോഷൻ സൊസൈറ്റിയുടെ (APS) സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്. കേരളത്തെ ആഗോള ആയുർവേദ വെൽനസ് |

| | | | |
|---|---|---|---|
| | | | കേന്ദ്രമായി സ്ഥാനമുറപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിക്കുന്നത് . ആയുർവേദ പണ്ഡിതർ, ആഗോള വെൽനെസ് വിദഗ്ധർ, നയരൂപീകരർ, അക്കാദമികർ, വ്യവസായ പ്രമുഖർ, ട്രാവൽ ട്രേഡ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്ന ഈ സമ്മേളനം വിവര കൈമാറ്റം, നയ ചർച്ചകൾ, B2B നെറ്റ്വർക്കിംഗ്, അന്താരാഷ്ട്ര സഹകരണം എന്നിവയ്ക്ക് വേദിയാകും.<br><br>സമ്മേളനത്തിന്റെ ഭാഗമായി ആയുർവേദത്തിന്റെ ശാസ്ത്രീയ പ്രാധാന്യം, ആഗോള വിപണി സാധ്യതകൾ, ഗവേഷണം, മെഡിക്കൽ വാല്യൂ ട്രാവൽ തുടങ്ങിയ വിഷയങ്ങളിൽ പാനൽ ചർച്ചകളും സെമിനാറുകളും നടക്കും. രണ്ടാം ദിവസം പ്രദർശനവും B2B മീറ്റും സംഘടിപ്പിച്ച് കേരളത്തിലെ ആയുർവേദ സേവന ദാതാക്കളെയും ദേശീയ അന്തർ ദേശീയ ടൂർഓപ്പറേറ്റേഴ്സിനേയും ബന്ധിപ്പിക്കും.<br><br>കോൺക്ലേവിന് ശേഷം ഫെബ്രുവരി 4 മുതൽ 12 വരെ ഇന്റർനാഷണൽ ആയുർവേദ & യോഗ അംബാസഡേഴ്സ് ഫാം ടൂർ സംഘടിപ്പിക്കുന്നതിലൂടെ കേരളത്തിലെ പ്രധാന ആയുർവേദ റിസോർട്ടുകൾ, ആശുപത്രികൾ, യോഗ കേന്ദ്രങ്ങൾ, സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ എന്നിവ ദേശീയ അന്തർദ്ദേശീയ പ്രതിനിധികൾക്ക് പരിചയപ്പെടുത്തും. ഏകദേശം 120-ഓളം ഇന്റർ നാഷണൽ ടൂർ ഓപ്പറേറ്റേഴ്സ്, 30-ഓളം ഡൊമസ്റ്റിക് ട്രാവൽ ഏജന്റ്സ് , 30-ഓളം യോഗ ഓപ്പറേറ്റേഴ്സ്, 50-ഓളം ദേശീയ അന്തർദ്ദേശീയ ഇൻഫ്ളുവൻസർമാർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.<br><br>ഇതിലൂടെ, ഫസ്റ്റ് ഇന്റർനാഷണൽ ആയുർവേദ & വെൽനെസ് കോൺക്ലേവും അനുബന്ധ ഫാം ടൂറും കേരളത്തെ ലോകത്തിലെ ഏറ്റവും വിശ്വസനീയമായ ആയുർവേദ വെൽനെസ് വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിനുള്ള ഒരു നിർണായക സംരംഭമായിരിക്കും. |
| (സി) | കേരളത്തിന്റെ ആയുർവേദ ചികിത്സാ രീതികൾ ആഗോള തലത്തിൽ പ്രചരിപ്പിക്കുന്നതിനും വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം വകുപ്പ് നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | കേരളത്തിന്റെ ആയുർവേദ ചികിത്സാ രീതികളെ ആഗോള തലത്തിൽ പ്രചരിപ്പിക്കാനും വിദേശ സഞ്ചാരികളെ ആകർഷിക്കാനും ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് നിലവിൽ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളും നടപടികളും ചുവടെ വിശദമാക്കുന്നു:<br><br>**<u>1. ആയുർവേദ സർട്ടിഫിക്കേഷൻ പദ്ധതി</u>** |

വിദേശ സഞ്ചാരികൾക്ക് ഗുണമേന്മയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി സർക്കാർ അംഗീകൃത ആയുർവേദ കേന്ദ്രങ്ങൾക്ക് ആയുർ ഡയമണ്ട്, ആയുർ ഗോൾഡ്, ആയുർ സിൽവർ സർട്ടിഫിക്കേഷനുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള ചികിത്സാ കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

**2. ആയുർവേദ വെൽനെസ് ടൂറിസം പ്രചരണം**

ആയുർവേദത്തെ വെൽനെസ് ടൂറിസം എന്ന ആശയത്തോടൊപ്പം കൂട്ടിച്ചേർത്ത്, കേരളത്തെ "God's Own Country - Home of Ayurveda" എന്ന ബ്രാൻഡിങ്ങിലൂടെ അന്താരാഷ്ട്ര വിപണിയിൽ പ്രചരിപ്പിക്കുന്നു.

**3. അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കാളിത്തം**

ITB Berlin, WTM London, Arabian Travel Market (ATM) തുടങ്ങിയ അന്താരാഷ്ട്ര ടൂറിസം മേളകളിലും എക്സിബിഷനുകളിലും കേരളം സജീവമായി പങ്കെടുക്കുന്നു. ഇവയിൽ ആയുർവേദ ചികിത്സാ സൗകര്യങ്ങൾ പ്രത്യേകം പ്രദർശിപ്പിക്കുന്നു.

**4. ഡിജിറ്റൽ മാർക്കറ്റിംഗും ഓൺലൈൻ പ്രചരണവും**

വെബ്സൈറ്റുകൾ, സോഷ്യൽ മീഡിയ, ഡോക്യുമെന്ററികൾ, പ്രൊമോഷണൽ വീഡിയോകൾ തുടങ്ങിയവ മുഖേന ആയുർവേദ ടൂറിസത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ബ്രോഷറുകളും, വീഡിയോകളും ആഗോള തലത്തിൽ പ്രചരിപ്പിക്കുന്നു.

**5.ആയുർവേദ ഉത്സവങ്ങളും കോൺക്ലേവുകളും**

ആയുർവേദത്തിന്റെ പാരമ്പര്യവും ശാസ്ത്രീയതയും ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി ആയുർവേദ കോൺക്ലേവുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.

**6. ആയുർവേദ ടൂറിസം പ്രമോഷൻ**

ആയുർവേദ ടൂറിസം പ്രമോഷന്റെ ഭാഗമായി ഒരു സ്പെഷ്യൽ ക്യാമ്പയിൻ നടത്താൻ ഈ വർഷം 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഈ ക്യാമ്പയിന്റെ ഭാഗമായുള്ള വീഡിയോ പ്രൊഡക്ഷൻ നടന്നുവരുന്നു. ആയുർവേദത്തിനും വെൽനസ്സിനും ഊന്നൽ നൽകിക്കൊണ്ട് 2026 ഫെബ്രുവരി 2, 3 തീയതികളിൽ കോഴിക്കോട് വച്ച് ആയുർവേദ വെൽനസ്സ് കോൺക്ലേവ് സംഘടിപ്പിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമായി ഇന്ത്യ സന്ദർശിക്കാനാഗ്രഹിക്കുന്ന വിനോദസഞ്ചാരികൾക്കായി നൽകിവരുന്ന ആയുഷ് വിസ (AYUSH VISA) ലഭിക്കുന്നതിനുള്ള വെബ്സൈറ്റിന്റെ ലിങ്ക് കേരള ടൂറിസത്തിന്റെ വെബ് സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (https://www.keralatourism.org/visa-information/) |

സെക്ഷൻ ഓഫീസർ